വികസനത്തെ വിമർശനാത്മകമായി നോക്കിക്കണ്ട ചിന്തകൻ
ആന്ദ്രേ ഗോർസിന്റെ 'Ecology as Politics'
എന്ന പ്രമുഖ ഗ്രന്ഥം പരിചയപ്പെടുത്തുന്നു

# വികസനം എന്ന മുതലാളിത്ത യുക്തി

വി.പി. റജീന

**മു**തലാളിത്തത്തെ ഏറ്റവും നന്നായി പ്രതിരോധിക്കാനുള്ള സമരത്തിന്റെ അനിവാര്യ ഭാഗമാണ് ഇക്കോളജിയെന്ന് വിശ്വസിച്ച രാഷ്ട്രീയ ഇക്കോളജിസ്റ്റായിരുന്നു ആന്ദ്രേ ഗോർസ്. ആ അർഥത്തിൽ കാലിക പ്രസക്തമായ പുസ്തകങ്ങളിൽ ഒന്നാണ് അദ്ദേഹത്തിന്റെ 'ഇക്കോളജി രാഷ്ട്രീയം തന്നെ'. ഇക്കോളജിയും സ്വാതന്ത്ര്യവും, ഇക്കോളജിയും സമൂഹവും, ഉപകരണങ്ങളുടെ യുക്തിസാധുത, ചികിത്സ-ആരോഗ്യം-സമൂഹം തുടങ്ങി ആറ് അധ്യായങ്ങളും ഉപ അദ്ധ്യായങ്ങളുമാണ് പുസ്തകത്തിന്റെ ഘടന. പ്രഗത്ഭ ഓസ്ട്രിയൻ ചിന്തകനായ ഇവാൻ ഇല്ലിച്ചിന്റെയും മാർക്സിയെും ചിന്തകളെ ആഴത്തിൽ സ്വാധീനിച്ച വ്യക്തിയാണ് ആന്ദ്രേ ഗോർസ്. സ്വാശ്രിതത്വം, സ്വയംനിർണയം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള സമത്വവും നീതിയുക്തവുമായ വിഭവവിതരണം സാധ്യമാക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടു മാത്രമെ ഇനിയും പരിസ്ഥതി വിനാശത്തിന്റെ ഗതിവേഗത്തെ നമുക്ക് തടയാൻ കഴിയൂ എന്ന് അദ്ദേഹം പറയുന്നു. ഇതിന് സ്വാതന്ത്ര്യമെന്നത് സൂപ്പർ മാർക്കറ്റിൽ നിന്ന് ഏതെങ്കിലും ബ്രാന്റ് ഉപഭോഗവസ്തു തിരഞ്ഞെടുക്കാനോ അസംഖ്യം ചാനലുകളിലൊന്ന് ട്യൂൺ ചെയ്യാനോ ഉള്ള സ്വാതന്ത്ര്യമല്ലെന്നും, സ്വന്തം ജീവിതത്തെ സ്വയം നിശ്ചയിക്കുന്ന പന്ഥാവിലൂടെ നിർഭയം മുന്നോട്ട് കൊണ്ടുപോവാനുതകുന്ന വിലപ്പെട്ട മൂല്യമാണെന്നുമുള്ള ബോധം പുനഃസ്ഥാപിക്കേണ്ടതുണ്ടെന്നും മുഖവുരയിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ചോദ്യങ്ങൾ വ്യക്തമായി ഉന്നയിച്ചുകൊണ്ടുതന്നെ തുടങ്ങേണ്ടതുണ്ടെന്നതാണ് ഗോർസിൻെറ പക്ഷം. ആ ചോദ്യങ്ങൾ അദ്ദേഹം തുടങ്ങുന്നത് ഇങ്ങനെയാണ്. "വാസ്തവത്തിൽ നാം കാംക്ഷിക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങളോട് വിട്ടുവീഴ്ച ചെയ്യുന്ന മുതലാളിത്തമോ, അതോ മുതലാളിത്തത്തെ തൂത്തെറിഞ്ഞുകൊണ്ട് വ്യക്തിയും സമൂഹവും തമ്മിൽ പ്രകൃതിയും മനുഷ്യനും തമ്മിൽ ആരോഗ്യകരമായ ഒരു പുതിയ ബന്ധത്തിന് വഴിയൊരുക്കുന്ന സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക വിപ്ലവമോ? നമ്മുടെ സമരം എന്തിനുവേണ്ടിയാണെന്നും എന്തിനെതിരാണെന്നും തുടക്കത്തിൽതന്നെ നിർവചിക്കേണ്ടതുണ്ട്."

ഭാവി ലോകത്തിൽ മനുഷ്യ പ്രവർത്തനത്തിന് പരിമിതികൾ ഉണ്ടെന്ന കാര്യത്തെക്കുറിച്ച് ഗോർസ് മുന്നറിയിപ്പു നൽകുന്നു. ഈ പരിധികൾ ലംഘിച്ചാൽ അതിന്റെ തിരിച്ചടികൾ പലവിധത്തിൽ ആകാം. പുതിയ അസ്വാസ്ഥ്യങ്ങൾ, പുതിയ രോഗങ്ങൾ, പൊരുത്തപ്പെടാത്ത കുട്ടികൾ, ആയുർദൈർഘ്യക്കുറിവ്, വിളകളുടെ ഉൽപ്പാദനക്കുറവ്, കൂടതൽ വസതുക്കൾ ഉപഭോഗം ചെയ്തിട്ടും ജീവിതത്തിന്റെ മേന്മയിൽ വരുന്ന കുറവ് ഇതൊക്കെ നാം ഇപ്പോൾ തന്നെ നേരിടുന്നുണ്ട്. ഇവയുടെ കാരണങ്ങൾ നാം ഇപ്പോഴും ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നു മാത്രം-ഗോർസ് ചൂണ്ടിക്കാണിക്കുന്നു. പ്രതികരണങ്ങളെ വിലക്കെടുക്കുകയും ഊതിക്കെടുത്തുകയും ചെയ്തുകൊണ്ട് ഇന്ന് ചുവടുറപ്പിക്കുന്ന 'ടെക്നോക്രാറ്റിക് ഫാസിസ'ത്തെക്കുറിച്ചുകൂടി വർഷങ്ങൾക്കു മുമ്പ് ഗോർസ് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇവാൻ ഇല്ലിച്ചിൻെറ വാക്കുകൾ കടമെടുത്തുകൊണ്ടാണത് അദ്ദേഹം ഇത് വിശദമാക്കുന്നത്. "ഉൽപാദകർ, ഉപഭോക്താക്കൾ എന്ന നിലകളിലെല്ലാം തന്നെ ഉപകരണങ്ങൾക്ക് പരമാവധി കീഴടങ്ങിക്കൊണ്ട് ജനങ്ങൾ കഴിഞ്ഞുകൊള്ളുമെന്ന് ഈ 'ടെക്നോക്രാറ്റിക് ഫാസിസം' ഉറപ്പു വരുത്തും. ജനങ്ങൾ അതിജീവിച്ചു എന്നു വരാം. പക്ഷെ, ജീവിതത്തിൽ നിന്ന് എല്ലാ മൂല്യവും ചോർത്തിക്കളയുന്ന സാഹചര്യങ്ങളിൽ ആയിരിക്കും അവരുടെ ജീവിതം. ചൊട്ട മുതൽ ചുടല വരെ, നാമെല്ലാം ഒരാഗോള സ്കൂളിലും ഒരാഗോള ആശുപത്രിയിലുമായി (ഇവയെ ഓരാഗോള തടവറയെന്നു വേർതിരിക്കാവുന്നത് അവയുടെ പേരു കൊണ്ടു മാത്രമാവുന്നു) ബന്ധനസ്ഥരാക്കപ്പെടും. ഈ സങ്കേതികവിദഗ്ധരുടെ ജോലി ഈ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു വ്യക്തിയെ നിർമ്മിച്ചെടുക്കുക എന്നതായിരിക്കും."

പ്രശ്നങ്ങക്കുറിച്ചുള്ള മുന്നറിയിപ്പ് മാത്രമല്ല. ഭൂഗോളത്തിലെ ഇങ്ങനെയുള്ള ഒരു വിപൽസന്ധിയെ അതിജീവിക്കുന്നതിനുള്ള ഈടുറ്റ വഴികളിലേക്കും വാതിലുകൾ തുറന്നിടുന്നുണ്ട് ഗോർസ്. ഗോർസ് മുന്നോട്ടുവെക്കുന്ന പരിഹാര വഴികളിൽ ഒന്ന് നോക്കൂ, കുറച്ചു സാധങ്ങൾ മാത്രം ഉൽപാദിപ്പിക്കുകയാണെങ്കിൽ സമ്പന്നമായ ജീവിതം സാധ്യമാണെന്ന് മാത്രമല്ല, സമ്പന്നമായ ജീവിതം ആവശ്യപ്പെടുന്നതുതന്നെ അതാണ്. ആവശ്യമായത്ര പാർപ്പിട സൗകര്യം. വസ്ത്രങ്ങൾ, ഗൃഹോപകരണങ്ങൾ, ഊർജ്ജ ദുർവ്യയമില്ലാത്തതും ഈടുനിൽക്കുന്നതും എളുപ്പം റിപ്പയർ ചെയ്യാൻ കഴിയുന്നതുമായ വാഹനങ്ങൾ, ഇതൊക്കെ ഉൽപാദിപ്പിച്ച് എല്ലാവർക്കും ലഭ്യമാക്കുന്നതിനും ഒപ്പം തന്നെ ഒഴിവു സമയവും ജനങ്ങൾക്ക് യഥാർഥത്തിൽ ആവശ്യമുള്ള ഉത്പന്നങ്ങളും എല്ലാവർക്കും ലഭിക്കുന്നതിനും തടസ്സമായി നിൽക്കുന്നത് മുതലാളിത്തത്തിൻെറ യുക്തിയല്ലാതെ മറ്റൊന്നുമല്ല.

അമിതോൽപാദനം കുറച്ച് ആവശ്യങ്ങൾ അറിഞ്ഞുള്ളതും ഈടുനിൽക്കുന്നതുമായ ഒരു വ്യവസ്ഥയിലേ ക്ഷേമ രാഷ്ട്ര സങ്കൽപം യാഥാർത്ഥ്യമാകൂ എന്ന ലളിതവും അതോടൊപ്പം ഗഹനവുമായ യുക്തിയാണ് ഗോർസ് മുന്നോട്ടുവെക്കുന്നത്. എന്നാൽ, ഇത്തരമൊരു വഴിയിലേക്ക് സമൂഹത്തെ എത്തിക്കണമെങ്കിൽ ഭരണാധികാരികൾ വിവരവും വിവേകവും ഇച്ഛാശക്തിയുമുള്ളവരാവണം. ജനങ്ങൾ ബോധമുള്ളവരാകണം. ഈ രണ്ടിൻെറയും അഭാവമാണ് ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി.

*(മാദ്ധ്യമ പ്രവർത്തക)* ■